Mr. P. Sankara Menon *(Trichur-North):* Will the Government go into that matter?

Mr. K. Balakrishna Menon *(Minister for Development):* Certainly.

Mr. V. R. Krishnan Ezhuthassan *(Oorakam):* Is it not a clandestine transaction?

Mr. K. Balakrishna Menon *(Minister for Development):* The question is under examination.

Mr. C. R. Iyyunni *(Nellayi):* May I know whether it is not on account of the supply of power to the Alagappa Textiles that so much loss is being yearly incurred?

Mr. K. Balakrishna Menon *(Minister for Development):* I am afraid your inference is not correct.

Mr. C. R. Iyyunni *(Nellayi):* May I know what is the quantity of energy supplied to the Cochin Textiles and to the Algappa Textiles?

Mr. K. Balakrishna Menon *(Minister for Development):* I want notice.

THAI POOYAM—HOLIDAY FOR

5. മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൗണ്ടർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയാമോ.—

(എ) തൈപ്പൂയത്തിന്ന പബ്ലിക്ക ഹാളിഡെ (Holiday) വേണമെന്ന വല്ല ഹർജിയും വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്ന വല്ല നടപടിയും എടുത്തിട്ടുണ്ടോ ;

(ബി) ടി പൂയം ഹിന്തുക്കൾക്ക് ഒരു മുഖ്യദിവസമാണെന്നുള്ളതു ഗവണ്മെണ്ടിന്നറിയാമോ ?

രാമവർമ്മതമ്പുരാൻ :

(എ) ഹർജി ഒന്നുംതന്നെ കണ്ടുകിട്ടിയിട്ടില്ല.

(ബി) ഉവ്വ്.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൗണ്ടർ: പബ്ലിക്ക് ഹാളിഡെ അനുവദിക്കേണ്ടതു് അത്യാവശ്യമാണെന്ന് ഗവണ്മെണ്ടിന്ന തോന്നുന്നുണ്ടോ ?

രാമവർമ്മതമ്പുരാൻ: അതാലോചിക്കുകയുണ്ടായിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തഛൻ: അതൊന്ന ദയവായി ആലോചിക്കുമോ ?

രാമവർമ്മതമ്പുരാൻ: കൊച്ചിഗവണ്മെണ്ടിൽ ഇപ്പോൾത്തന്നെ holidays അധികമാണ്. ആ നിലയിൽ ഇനിയും holiday കൊടുക്കുക വിഷമമാണ് എങ്കിലും ആലോചിക്കാം.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: holiday കൊടുക്കുന്നതു് ജനങ്ങളുടെ ആവശ്യത്തിന്നൊ, ഗവണ്മെണ്ടിന്റെ ആവശ്യത്തിന്നോ ?

രാമവർമ്മതമ്പുരാൻ: ഗവണ്മെണ്ടിന്റെ ആവശ്യത്തിന്നാണ്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അപ്പോൾ ജനങ്ങളുടെ ആവശ്യത്തിനായി ഒന്നാലോചിക്കാമൊ ?

രാമവർമ്മതമ്പുരാൻ: ജനങ്ങളുടെ ആവശ്യംതന്നെയല്ലെ ഗവണ്മെണ്ടിന്റെ ആവശ്യം!

മിസ്റ്റർ പി. കുമാരനെഴത്തഛൻ: ഈ തൈപ്പൂയം ഹിന്തുക്കൾക്ക് വളരെ പ്രധാനമായ ഒരു ദിവസമാണെന്ന് ഗവണ്മെണ്ടിന്നറിയാമോ ?

രാമവർമ്മതമ്പുരാൻ: വളരെ പ്രധാനമായ ദിവസങ്ങൾ ഉണ്ട്. അതിനെല്ലാം holiday കൊടുക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: "തൈപ്പൂയത്തിന്ന് പബ്ലിക്ക് ഹാളിഡെ വേണമെന്ന് വല്ല ഹർജിയും വന്നിട്ടുണ്ടോ", എന്നാണ് ചോദ്യം. അതിന്ന് "ഹർജ്ജി ഒന്നുംതന്നെ കണ്ടുകിട്ടിയില്ല" എന്നാണ് മറുപടി. കണ്ടുകിട്ടിയിട്ടില്ല എന്നുവെച്ചാൽ ഹർജ്ജി കിട്ടീട്ടില്ലെന്നാണോ ?

രാമവർമ്മതമ്പുരാൻ: വന്നിട്ടുള്ള ഹർജ്ജികളിൽ ഇങ്ങിനെ ഒരു ഹർജ്ജി നോക്കിയതിൽ കണ്ടുകിട്ടീട്ടില്ലെന്നാണ് അർത്ഥം

മിസ്റ്റർ പി. കുമാരനെഴത്തഛൻ: ഇനി ഹാളിഡെ ഒന്ന കൊടുക്കാൻ പാടില്ലെന്നുണ്ടോ ?

രാമവർമ്മതമ്പുരാൻ: ഇപ്പോൾ ഉള്ളതുതന്നെ അധികമായിട്ടുണ്ട്. ഇനിയും കൊടുക്കുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly